## തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം

*(സാന്നിദ്ധ്യം - എസ് ഷാനവാസ് IAS)*

വിഷയം : ദുരന്തനിവാരണനിയമം 2005 - കൊവിഡ് 19 - കണ്ടെയിൻമെന്റ് സോണുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :

01: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 26.04.2021 തീയതിയിലെ ജി ഒ ആർ ടി 383/2021/DMD നമ്പർ ഉത്തരവ്.

02: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 06.05.2021 തീയതിയിലെ ജി ഒ ആർ ടി 404/2021/DMD നമ്പർ ഉത്തരവ്.

03: സംസ്ഥാന ദുരന്ത നിവാരണവകുപ്പ് (എ)യുടെ 14.05.2021 തീയതിയിലെ ജി ഒ ആർ ടി416/2021/DMD നമ്പർ ഉത്തരവ്.

04: തൃശ്ശൂർ ജില്ലാ കളക്ടറുടെ 16.05.2021, 17.05.2021, 19.05.2021, തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

### ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 തീയതി: 25.05.2021

കേരളസംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും തൃശ്ശൂർ ജില്ലയിൽ 80 ശതമാനത്തിലധികം ഗ്രാമപഞ്ചായത്തുകളും നഗരസഭ ഡിവിഷനുകളും കോർപ്പറേഷൻ ഡിവിഷനുകളും കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ച സാഹചര്യത്തിലും, അധിക നിയന്ത്രണങ്ങൾ പിൻവലിച്ച സാഹചര്യത്തിലും, പരാമർശം (4) പ്രകാരമുള്ള ഉത്തരവുകൾ ഭേദഗതി ചെയ്ത് എസ് ഷാനവാസ് ഐഎഎസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം തൃശ്ശൂർ ജില്ലയിൽ കണ്ടെയിൻമെന്റ് സോണുകളായിട്ടുള്ള പ്രദേശങ്ങളിൽ താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

01 : അടിയന്തര ആവശ്യങ്ങൾക്കല്ലാതെ ആളുകൾ പുറത്തിറങ്ങി നടക്കുവാൻ പാടുള്ളതല്ല.

02 : ആർആർടികൾ, വാർഡ്തലകമ്മിറ്റികൾ, സെക്ടറൽ മജിസ്ട്രേറ്റുമാർ ഇൻസിഡന്റൽ കമാൻഡർമാർ, പോലീസ് എന്നിവരുടെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

03 : അനുവദനീയമായ സ്ഥാപനങ്ങളിൽതന്നെ ഒരേ സമയം മൂന്ന് ഉപഭോക്താക്കളിൽ/ഉണഭോക്താക്കളിൽ കൂടുതൽപേരെ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

04 : പ്ലാന്റേഷൻ, നിർമ്മാണമേഖലകളിൽ പ്രവർത്തിക്കുവാനായി അന്യസംസ്ഥാനങ്ങളിൽ നിന്നും യാതൊരുകാരണവശാലും തൊഴിലാളികളെ കൊണ്ടുവരുവാൻ പാടില്ല. നിലവിലുള്ള തൊഴിലാളികളെ അവിടെ തന്നെ തുടരുവാൻ അനുവദിക്കേണ്ടതാണ്. തൊഴിലാളികൾ പുറത്തിറങ്ങി നടക്കുവാൻ പാടുള്ളതല്ല. തൊഴിലിടങ്ങളിൽ തന്നെ താമസസൗകര്യമുള്ള സ്ഥാപനങ്ങൾക്കും, കമ്പനികൾക്കും, ഫാക്ടറികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന കെട്ടിടസമുച്ചയങ്ങളിലും, ആവശ്യമായ ജീവനക്കാരെ മാത്രം നിയോഗിച്ചുകൊണ്ട് കോവിഡ് പ്രോട്ടോകോൾ പാലിച്ച് പ്രവർത്തിക്കാവുന്നതാണ്.

05 : വഴിയോരകച്ചവടങ്ങളും, വീടുകൾതോറും കയറിയിറങ്ങി വിൽപ്പന നടത്തുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു.

06 : മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പരമാവധി 05 പേരെവെച്ച് കോവിഡ് പ്രോട്ടോകോൾ പാലിച്ച് ശുചീകരണപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

07 : വിശ്വാസികൾക്കായി ആരാധനാലയങ്ങൾ തുറക്കാൻ പാടുള്ളതല്ല. എന്നാൽ വിശ്വാസികളെ പങ്കെടുപ്പിക്കാതെ അനുദിന കർമ്മങ്ങൾ (നിത്യപൂജ, കുർബാന മുതലായവ) നടത്തുന്നതിന് തടസ്സമില്ലാത്തതാണ്.

08 : പത്രം, പാൽ, തപാൽ വിതരണം, പാൽ സൊസൈറ്റി എന്നിവ അനുവദനീയമാണ്.

09 : ഷെഡ്യൂൾഡ് ബാങ്കുകളും സഹകരണ ബാങ്കുകളും മിനിമം ജീവനക്കാരെ മാത്രം നിയോഗിച്ചുകൊണ്ട് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 02 മണിവരെ പ്രവർത്തിക്കാവുന്നതാണ്.

10 പലചരക്ക കട, പഴം-പച്ചക്കറി കടകൾ തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ രാവിലെ 08.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

11 : ബുധൻ, ശനി ദിവസങ്ങളിൽ മത്സ്യം, മാംസം, കോഴിക്കട കോൾഡ് സ്റ്റോറേജ് എന്നിവ രാവിലെ 07.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

12 : ബേക്കറികൾക്ക് വ്യാഴം, ശനി ദിവസങ്ങളിൽ രാവിലെ 08.00 മണിമുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

13 : ഹോട്ടലുകളും മറ്റു ഭക്ഷ്യഭോജന കടകളും രാവിലെ 08.00 മണി മുതൽ വൈകീട്ട് 07.30 മണിവരെ പാർസൽ മാത്രം കൊടുക്കുന്നതിന് അനുവദനീയമാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി മാത്രം നടത്തേണ്ടതാണ്. ഹോട്ടലുകളിലും ചായപ്പീടികകളിലും ചായ/കാപ്പി വിതരണം പാടുള്ളതല്ല.

14 : കണ്ടെയിൻമെൻറ് സോണുകളിൽ റേഷൻകട, പൊതുവിതരണ കേന്ദ്രം, സഹകരണ സംഘം സ്റ്റോറുകൾ, എന്നിവ രാവിലെ 08.00 മുതൽ ഉച്ചതിരിഞ്ഞ് 05.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി മാത്രം നടത്തേണ്ടതാണ്.

15 : ആശുപത്രികൾ, രോഗിചികിത്സയ്ക്കായുള്ള ക്ലീനിക്കുകൾ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ, ദന്തൽ ക്ലീനിക്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ അനുവദനീയമാണ്. എന്നാൽ കോവിഡ് 19 പ്രോട്ടോകോൾ പ്രകാരമുള്ള ആളകലവും മറ്റും പാലിച്ചിരിക്കണം.

16 : വധൂവരന്മാരും, മാതാപിതാക്കളും അടക്കം പരമാവധി 10 പേരെ പങ്കെടുപ്പിച്ച് വിവാഹം ചടങ്ങുമാത്രമായി നടത്താവുന്നതാണ്.

17 : വീടുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ അനുവദനീയമല്ല. എന്നാൽ തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നിടത്തു തന്നെ താമസമുള്ള കേസുകളിലും, റോഡുകൾ, പാലങ്ങൾ, കുളങ്ങൾ, തോടുകൾ, റെയിൽവേ, കെ എസ് ഇ ബി,

ടെലികമ്മ്യൂണിക്കേഷൻ എന്നീ പൊതു ഇടങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കും മിനിമം ജീവനക്കാരെവെച്ച് പ്രവൃത്തി നടത്താവുന്നതാണ്. കേബിൾ, DTH സർവീസുകളും അനുവദനീയമാണ്.

18 : പ്രിൻറിംഗ് പ്രസ്സുകൾ, ഫോട്ടോ സ്റ്റുഡിയോ എന്നിവയ്ക്ക് തിങ്കൾ, വെള്ളി ദിവസങ്ങളിൽ രാവിലെ 08.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്.

19 : കണ്ണടവ്യാപാരികൾക്ക് (Optical Shop) തിങ്കൾ, വ്യാഴം ദിവസങ്ങളിൽ രാവിലെ 09.00 മണിമുതൽ ഉച്ചയ്ക്ക് 01.00 മണിവരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.

20 : വളം, കീടനാശിനികൾ എന്നിവ വിൽക്കുന്ന കടകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 08.00 മണി മുതൽ 01.00 മണിവരെ തുറന്നുപ്രവർത്തിക്കാവുന്നതാണ്.

21 : ഇലക്ട്രിക്കൽ, പ്ലംബിംഗ്, പെയിൻറിംഗ് മറ്റു കെട്ടിടനിർമ്മാണ സാമഗ്രികൾ എന്നിവ വിൽക്കുന്ന കടകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ രാവിലെ 08.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. വിതരണം ഹോം ഡെലിവറി വഴി മാത്രമായിരിക്കും.

22 : തുണിക്കടകൾ, സ്വർണ്ണകടകൾ എന്നിവ ബുധനാഴ്ചകളിൽ രാവിലെ 08.00 മണിമുതൽ വൈകീട്ട് 07.00 മണിവരെ തുറന്നുപ്രവർത്തിക്കാവുന്നതാണ്.

23 : പണ്ടം പണയം സ്ഥാപനങ്ങൾ ബുധനാഴ്ചകളിൽ രാവിലെ 09.00 മണിമുതൽ വൈകീട്ട് 07.00 മണിവരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.

24 : വർക്ക്ഷോപ്പുകൾ, ടയർ റീസോളിംഗ് - പഞ്ചർ കടകൾ എന്നിവ ചൊവ്വ, വ്യാഴം, ഞായർ ദിവസങ്ങളിൽ രാവിലെ 09.00 മണിമുതൽ വൈകീട്ട് 05.00 മണിവരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്. വാഹന ഷോറൂമുകളോടനുബന്ധിച്ചുള്ള വർക്ക്ഷോപ്പുകൾക്ക് മാത്രമായും ഇതുപോലെ പ്രവർത്തിക്കാവുന്നതാണ്.

25 : കണ്ടെയിൻമെൻറ് സോണുകളിൽ അടിയന്തര വിഭാഗങ്ങളിൽപ്പെട്ട റവന്യൂ-പോലീസ്-ആരോഗ്യം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇലക്ട്രിസിറ്റി, ടെലിഫോൺ, കോടതികൾ, ട്രഷറി, സിവിൽസപ്ളൈസ്, ഫയർ & റസ്ക്യൂ, എക്സൈസ് എന്നീവ ഒഴികെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ടി സ്ഥാപനങ്ങളിലേക്കുള്ള ജീവനക്കാർക്ക് സഞ്ചാരാനുമതി ഉണ്ടായിരിക്കുന്നതാണ്.

26 : സ്കൂളുകളിൽ നിന്നുള്ള പുസ്തകവിതരണവും കിറ്റുവിതരണവും ഹോംഡെലിവറി നടത്തേണ്ടതാണ്. അതിനായി ആർആർടി, വാർഡ്തലകമ്മിറ്റി, പുസ്തകവിതരണക്കാർ, അദ്ധ്യാപകർ എന്നിവരെ നിയോഗിക്കാവുന്നതാണ്.

27 : വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്രെയിനിംഗ് സെൻ്ററുകൾ, റിസർച്ച്, കോച്ചിംഗ് മുതലായ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.

28 : മലഞ്ചരക്ക് കടകൾക്ക് ശനിയാഴ്ച ദിവസങ്ങളിൽ രാവിലെ 8.00 മണി മുതൽ വൈകീട്ട് 5.00 മണിവരെ തുറന്നു പ്രവർത്തിക്കാവുന്നതാണ്.

29 : കോഴിത്തീറ്റ, കാലിത്തീറ്റ തുടങ്ങിയ തീറ്റകൾ വിൽക്കുന്ന കടകൾക്ക് ബുധനാഴ്ച രാവിലെ 8.00 മണി മുതൽ വൈകീട്ട് 5.00 മണി വരെ പ്രവർത്തിക്കാവുന്നതാണ്.

30 : പ്രവർത്തനം നിർത്തിവെച്ചാൽ വൻനഷ്ടം സംഭവിക്കാവുന്നതും തുടർച്ചയായ പ്രവർത്തനം ആവശ്യമുള്ളതുമായ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കമ്പനികൾ/ഫാക്ടറികൾ എന്നിവയ്ക്ക് ആവശ്യമായ ജീവനക്കാരെ മാത്രം വെച്ച് പ്രവർത്തിക്കാവുന്നതാണ്.

31 : പാലും പാലുൽപ്പന്നങ്ങളും മാത്രം വിൽക്കുന്ന ഔട്ട് ലെറ്റുകൾ രാവിലെ 6.00 മുതൽ വൈകീട്ട് 5.00 വരെ പ്രവർത്തിക്കാവുന്നതാണ്.

32: സൂപ്പർമാർക്കറ്റുകൾ ഉപഭോക്താക്കൾക്കായി തുറന്നു പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ 50% ജീവനക്കാരെ മാത്രം നിയോഗിച്ച്, **ഹോം ഡെലിവറി** മാത്രം നടത്താവുന്നതാണ്.

33 : പാലിയേറ്റീവ് കെയർ സർവീസുകൾ പ്രവർത്തിക്കാവുന്നതാണ്.

34 : പ്രൈവറ്റ് സെക്യൂരിറ്റി സർവീസ് അനുവദനീയമാണ്.

**ഈ ഉത്തരവിൽ സൂചിപ്പിക്കാത്തവയ്ക്ക് അനുമതി ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും അടിയന്തരാവശ്യങ്ങൾക്ക് അനുമതിയ്ക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണായ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.**

**കണ്ടെയിൻമെൻറ് സോണുകളല്ലാത്ത പ്രദേശങ്ങളിൽ സംസ്ഥാനമൊട്ടാകെയുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ബാധകമായിരിക്കും.**

മേൽ പ്രസ്താവിച്ച നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശസ്വംയംഭരണസ്ഥാപന അധികൃതരെയും സെക്ടറൽ മജിസ്ട്രേറ്റുമാരെയും വില്ലേജ്/ താലൂക്ക്തല ഇൻസിഡൻറ്റൽ കമാൻഡർമാരെയും ചുമതലപ്പെടുത്തുന്നു.

*ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.*

***(2021 മെയ് മാസം 25-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി)
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (റൂറൽ)
3. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്

5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി വിവരം അറിയിക്കുന്നതിന്)
6. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
8. ജില്ലാ സപ്ലൈ ആഫീസർ, തൃശ്ശൂർ (മറ്റു അനന്തര നടപടികൾക്കായി)

പകർപ്പ് :

1. ജില്ലയിലെ എല്ലാ ബഹു. എം എൽ എ മാർക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന റവന്യൂ ദുരന്ത നിവാരണ വകുപ്പ്, തിരുവനന്തപുരം ആമുഖ കത്ത് സഹിതം
3. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം ആമുഖ കത്ത് സഹിതം
4. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
5. മെമ്പർ സെക്രട്ടറി, കെ എസ് ഡി എം എ തിരുവനന്തപുരം
6. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
7. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
8. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
9. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ
10. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
11. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൃശ്ശൂർ
12. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
13. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും
14. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
15. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
16. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
17. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
18. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ – ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി
19. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, തൃശ്ശൂർ – ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
20. ലീഡ് ബാങ്ക് മാനേജർ, തൃശ്ശൂർ
21. ജോയിന്റ് രജിസ്ട്രാർ (സഹകരണ സംഘം), തൃശ്ശൂർ
22. ജില്ലാ കളക്ടറുടെ സി എ / കരുതൽ ഫയൽ – എച്ച് 4/ കെ 1